LIBRARY ARCHIVES Kerala Legislative Assembly

ചെറുതന പി.എച്ച്.സി.യിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

157 (4592) ശ്രീ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന പി.എച്ച്.സി.യിൽ ഐ.പി. വാർഡിനുള്ള കെട്ടിടം ഉദ്ഘാടനം ചെയ്തത് എന്നാണ് ;

(ബി) ഇവിടെ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം ഐ.പി. വാർഡിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ ഉള്ളത് ;

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഐ.പി. വാർഡിനുള്ള കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടില്ല.

(ബി) ഉണ്ട്.

(സി) ഒഴിവുകൾ ഇല്ല.

(ഡി) ഐ.സി. വാർഡിന്റെ പ്രവർത്തനത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്കും നിലവിലുള്ള നിയമന നിരോധനം മാറിയശേഷവും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ചും ഇക്കാര്യം പരിശോധിക്കുന്നതാണ്.

കോഴിക്കോട് ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

158 (4593) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറ് കിടക്കകളുള്ള കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ഇപ്പോൾ എത്രപേരെ കിടത്തി ചികിത്സിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) രോഗികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ ഡോക്ടർമാരും മറ്റു ജീവനക്കാരും ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യമായ തസ്തികകളുടെ എണ്ണം, അനുവദിച്ച തസ്തികകളുടെ എണ്ണം നിലവിലുള്ള ജീവനക്കാരുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ നൽകുമോ ;

(ഡി) ഉഴിച്ചിൽ, കിഴിയിടൽ എന്നീ ചികിത്സാവിധികൾക്ക് ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ ഈ ചികിത്സകൾ ലഭിക്കാത്ത സ്ഥിതിയുള്ളതായി അറിയാമോ ;

(ഇ) ഈ ചികിത്സയ്ക്ക് മറ്റു ജീവനക്കാരെ ചുമതലപ്പെടുത്താറുണ്ടോ ; ഇപ്രകാരം ചുമതല നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ ;

(എഫ്) ഒരുവർഷം എത്രലക്ഷം രൂപയുടെ ഔഷധങ്ങളാണ് ഈ സ്ഥാപനത്തിന് ആവശ്യമായിവരുന്നത് ;